ങ്കിൽ ഈ ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി നടത്താൻ ഉദ്ദേശിക്കുന്നു?

ഉത്തരം.

ഈ ജോലി സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

1955 ജനുവരിയിൽ കോട്ടുകാൽ കർഷകസംഘം സമർപ്പിച്ച മെമ്മോറാണ്ടം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു. മെമ്മോറാണ്ടത്തിലെ താൽപ്പര്യമനുസരിച്ച് ഈ പദ്ധതിയെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻനടത്തി അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഓമല്ലൂർ–പരിയാരം റോഡിന്റെ പണി.

206. [27] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടതാലൂക്കിൽ ഓമല്ലൂർ പരിയാരം റോഡിന്റെ പണി ഏതു നിലയിലിരിക്കുന്നു;

(ബി) പ്രസ്തുത റോഡിന്റെപണി എന്നു പൂർത്തിയാകും?

ഉത്തരം.

(എ) തീരാറായിട്ടുണ്ട്.

(ബി) രണ്ടു മാസത്തിനകം പൂർത്തിയാകും.

ആറൻമുള–പരിയാരം റോഡിന്റെ പണി.

207. [28] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടതാലൂക്കിൽ ആറൻമുള, പരിയാരം റോഡിന്റെ പണി ഏതുനിലയിലിരിക്കുന്നു;

(ബി) ടി റോഡിന്റെ പണി എന്നു പൂർത്തിയാകും?

ഉത്തരം.

(എ) മൺവേലയും പാലം, കലുങ്ക് മുതലായവയുടെ പണിയും തീരാറായിട്ടുണ്ട്;

(ബി) അടുത്തകൊല്ലം പൂർത്തിയാക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

മരച്ചീനികൃഷി.

208. [29] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ചങ്ങനാശ്ശേരി താലൂക്കുകളിൽ ആകെ എത്ര ഏക്കർ സ്ഥലത്ത് മരച്ചീനി (കപ്പ) കൃഷിചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly